**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4835** **01-11-2021 - ൽ മറുപടിയ്ക്ക്**

**ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും ക്ലാസിഫിക്കേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിൽ പ്രൊഫഷണലിസം നടപ്പാക്കുന്നതിനും പ്രസ്തുത മേഖലയിലെ ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും ഉത്തരവാദിത്ത ടൂറിസം ക്ലാസിഫിക്കേഷൻ ഏർപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും ഉത്തരവാദിത്ത ടൂറിസം ക്ലാസ്സിഫിക്കേഷൻ നടപ്പാക്കുന്നതിനുള്ള ഉത്തരവ് ഇതിനോടകം പുറപ്പെടുവിച്ചിട്ടുണ്ട്. ക്ലാസ്സിഫിക്കേഷൻ നടപ്പാക്കുന്നതിനാവശ്യമായ വിവിധ പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ പൂർത്തിയാക്കിയിട്ടുണ്ട്. അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള ഓൺലൈൻ പ്ലാറ്റ്ഫോം, അതിനായുള്ള ട്യൂട്ടോറിയൽ വീഡിയോ, ഗൈഡ് ലൈൻ ബുക്ക്, ആർ.ടി. ക്ലാസ്സിഫിക്കേഷൻ പ്രചാരണ വീഡിയോ എന്നിവയെല്ലാം തയ്യാറാക്കിയിട്ടുണ്ട്. പദ്ധതി ലോഞ്ചിംഗ് നടത്തുന്നതിനായി തയ്യാറാണ്. |
| (ബി) | ക്ലാസിഫിക്കേഷൻ ലഭിക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളും മാനദണ്ഡങ്ങളുമാണ് ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ; | (ബി) | ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തിന്റെ അടിസ്ഥാനമായ സാമ്പത്തികം, സാമൂഹികം, പാരിസ്ഥിതികം എന്നീ മൂന്നു ഉത്തരവാദിത്തങ്ങളെ അടിസ്ഥാനമാക്കി മൂന്നു വിഭാഗങ്ങളും പൊതുവായ കാര്യങ്ങൾക്കായി മറ്റൊരു വിഭാഗവും ഉൾപ്പെടെ നാലു വിഭാഗങ്ങളാണ് ആർ.ടി. ക്ലാസ്സിഫിക്കേഷൻ മാനദണ്ഡങ്ങളിൽ ഉള്ളത്. ഓരോന്നിനും പ്രത്യേകം പ്രത്യേകം മാർക്കും നൽകിയിരിക്കുന്നു. നാല് വിഭാഗങ്ങൾക്കും ചേർത്തുള്ള ആകെ മാർക്ക് 1000 ആണ്. പാരിസ്ഥിതിക ഉത്തരവാദിത്തത്തിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടാണ് ക്ലാസ്സിഫിക്കേഷൻ മാനദണ്ഡങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ഓരോ വിഭാഗത്തിനും മിനിമം സ്കോർ ഉണ്ടായിരിക്കണം എന്ന കണ്ടീഷൻ ഇല്ല. മാർക്ക് അടിസ്ഥാനപ്പെടുത്തിയുള്ള ക്ലാസ്സിഫിക്കേഷൻ വിഭാഗങ്ങൾ: 1. 250 മുതൽ 349 വരെ - സിൽവർ 2. 350 മുതൽ 500 വരെ - ഗോൾഡ് 3. 501 മുതൽ 1000 വരെ - ഡയമണ്ട് 4. |

| | | | |
|---|---|---|---|
| | | | പാരിസ്ഥിതിക വിഭാഗത്തിലെ ടോട്ടൽ മാർക്കിന്റെ 80% ലഭിക്കുന്നവർക്ക് ആർ ടി ഗ്രീൻ സർട്ടിഫൈഡ് എന്ന പ്രത്യേക ക്ലാസ്സിഫിക്കേഷൻ. (ഇതിനായി പ്രത്യേകം അപേക്ഷ നൽകേണ്ടതില്ല. ) ഫീസ് & വാലിഡിറ്റി ക്ലാസ്സിഫിക്കേഷൻ ഫീസ് - 5000/- രൂപ വാലിഡിറ്റി പീരീഡ് - 3 വർഷം |
| (സി) | ഇതിനോടൊപ്പം ജില്ലാ ടൂറിസം കൗൺസിലുകളുടെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | നടപടി സ്വീകരിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ